LIBRARY ARCHIVES Kerala Legislative Assembly

പുതിയ സർക്കാർ മെഡിക്കൽ കോളേജുകൾ

104(804) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് എത്ര പുതിയ സർക്കാർ മെഡിക്കൽ കോളേജുകളാണ് ആരംഭിച്ചത്;

(ബി) അതിൽ എത്ര എം.ബി.ബി.എസ്. സീറ്റുകളാണ് ഇവയിലൂടെ പുതുതായി ഉണ്ടായതെന്ന് കോളേജ് തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് 3 പുതിയ മെഡിക്കൽ കോളേജുകൾ പ്രവർത്തനം ആരംഭിച്ചു കേപ്പ്-ന്റെ കീഴിലുള്ള എറണാകുളം മെഡിക്കൽ കോളേജ് പൂർണ്ണമായും സർക്കാരിന്റെ കീഴിലായി.

(ബി) 250 എം.ബി.ബി.എസ്. സീറ്റുകളാണ് പുതുതായി സൃഷ്ടിക്കപ്പെട്ടത്. കോളേജ് തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

മഞ്ചേരി മെഡിക്കൽ കോളേജ്	-	100
പാലക്കാട് മെഡിക്കൽ കോളേജ്	-	100
ഇടുക്കി മെഡിക്കൽ കോളേജ്	-	50

(കൂടാതെ എറണാകുളം മെഡിക്കൽ കോളേജിലെ 100 സീറ്റുകളിലും മെരിറ്റടിസ്ഥാനത്തിൽ പ്രവേശനം സാദ്ധ്യമായി.)

മൈക്രോ ബയോളജി ലക്ചറർ നിയമനം

105(805) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ മൈക്രോ ബയോളജി ലക്ചറർ തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ ;

(ബി) മൈക്രോ ബയോളജി ലക്ചറർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി ; വ്യക്തമാക്കാമോ;

(സി) ഒഴിവുള്ള തസ്തികയിൽ നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ ഒഴിവുകളൊന്നുമില്ല.

(ബി) നിവവിലില്ല.

(സി) ബാധകമല്ല.

ജില്ലാ/ജനറൽ ആശുപത്രികൾ-മെഡിക്കൽ കോളേജുകൾ

106(806) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ഡോ. കെ. ടി. ജലീൽ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുമ്പോൾ അവ പൂതുതായി നിർമ്മിക്കുന്നതിന് പകരം, നിലവിലുള്ള ജില്ലാ/ജനറൽ ആശുപത്രികളെ മെഡിക്കൽ കോളേജുകൾ ആക്കി മാറ്റുന്നത് സർക്കാർ നയമാണോ; ദ്വിതീയ - തൃതീയ തലങ്ങളിലുള്ള ആശുപത്രികൾ വികസിപ്പിക്കാതെ ജില്ലാ/ജനറൽ ആശുപത്രികൾ മെഡിക്കൽ കോളേജാക്കുന്നത് രോഗികൾക്കുണ്ടാക്കുന്ന പ്രയാസങ്ങൾ പരിഗണിച്ചിട്ടുണ്ടോ;

(ബി) അടിസ്ഥാന സൗകര്യ വികസനത്തിനായി 177.68 കോടി പദ്ധതി ചെലവ് കണക്കാക്കിയ ഇടുക്കി മെഡിക്കൽ കോളേജ് സർക്കാർ നൽകിയ കണക്കു പ്രകാരം 8.36 കോടി രൂപ മാത്രം ചെലവഴിച്ചും, 165 കോടി ചെലവ് കണക്കാക്കിയ മഞ്ചേരി മെഡിക്കൽ കോളേജ് 25.4 കോടി രൂപ മാത്രം ചെലവഴിച്ചും 191 കോടി രൂപ ചെലവിടേണ്ട തിരുവനന്തപുരം സിറ്റി മെഡിക്കൽ കോളേജ് 3 കോടി മാത്രം ചെലവിട്ടും പ്രവർത്തനം ആരംഭിച്ചത് അടിസ്ഥാന സൗകര്യ വികസനം പര്യാപ്തമായതിന് ശേഷമായിരുന്നുവോ; ഇത്തരത്തിൽ ജനറൽ ആശുപത്രികളെ ബോർഡുമാറ്റി മെഡിക്കൽ കോളേജാക്കുന്നത് ആതുര ശുശ്രൂഷാ രംഗത്ത് എന്ത് നേട്ടം സംഭാവന ചെയ്യുമെന്ന് അറിയിക്കുമോ;

(സി) പൂതുതായി നിർമ്മിക്കേണ്ട വയനാട് മെഡിക്കൽ കോളേജിന് ഇതുവരെയായും ചെലവിടാതിരുന്നതും കാസർഗോഡ് മെഡിക്കൽ കോളേജിന് കേവലം 20 ലക്ഷം രൂപ മാത്രം ചെലവഴിച്ചതും എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പുതുതായി എത്ര ജനറൽ ആശുപത്രികൾ സ്ഥാപിച്ചെന്നും അതിനായി എത്ര തുക ചെലവഴിച്ചെന്നും അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly